**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | :എൽ2/203/2016-ധന |
| 2. | വകുപ്പ് | : ധനകാര്യം |
| 3. | വിഷയം | : സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും 2015-16 ലെ ബോണസ്/പ്രത്യേക ഉത്സവബത്ത / ഓണം അഡ്വാൻസ് എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 27.08.2016 |
| 5. | 1.ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : ഉണ്ട് |
| | 2.സാമ്പത്തികബാദ്ധ്യതയുള്ള താണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗ ത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഫയൽ ധനകാര്യ വകുപ്പിൽ ഉടലെടുത്തതാണ്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി /ജോയിന്റ്/ അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീ. എം.ജെ.പ്രിൻസ് |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.കെ.എം.എബ്രഹാം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 30.08.2016 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ.എസ്.എം.വിജയാനന്ദ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 30.08.2016 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ഡോ.തോമസ് ഐസക് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 30.08.2016 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 30.08.2016 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും 2015-16 സാമ്പത്തിക വർഷത്തെ അഡ്ഹോക്ക് ബോണസും ഉത്സവബത്തയും ഓണം അഡ്വാൻസും അനുവദിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്. ബഹു. മുഖ്യമന്ത്രിയ്ക്ക് ഫയൽ ചംക്രമണം ചെയ്യപ്പോൾ എല്ലാ വിഭാഗം ജീവനക്കാർക്കും കഴിഞ്ഞ വർഷം (2014-15) അനുവദിച്ച നൽകിയ ബോണസ്/ഉത്സവബത്ത അതേ നിരക്കിൽ ഈ വർഷവും (2015-16) അനുവദിക്കുന്നതിന് ഉത്തരവായി.

2. കഴിഞ്ഞ വർഷം ( 2014-15 ൽ) മൊത്ത ശമ്പളം 18,870/- രൂപ വാങ്ങുന്ന ജീവനക്കാർക്ക് 3,500/-രൂപ ബോണസായി അനുവദിക്കുകയുണ്ടായി. ( 2015 മാർച്ച് മാസത്തിലെ അടിസ്ഥാന ശമ്പളം, പേഴ്സണൽ പേ, സ്പെഷ്യൽ പേ, സ്പെഷ്യൽ അലവൻസ്, 80% ഡി.എ എന്നിവ ഉൾപ്പെടുന്നതായിരുന്നു മൊത്ത ശമ്പളം).

3. ഇത്തവണ (2015-16) മൊത്ത ശമ്പളം 22,000/- രൂപ 2016 മാർച്ച് മാസം വാങ്ങുന്ന ജീവനക്കാർക്ക് (9% ക്ഷാമബത്ത ഉൾപ്പെടെ ) 3,500/- രൂപ നിരക്കിൽ ബോണസ് ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്. ( പഴയ സ്കെയിലിൽ 2016 മാർച്ച് മാസം ശമ്പളം വാങ്ങുന്ന ജീവനക്കാർക്ക് 98% ക്ഷാമബത്ത ഉൾപ്പെടെ 21,000/- രൂപ ആകെ ശമ്പളമായി നിജപ്പെടുത്തി നൽകാവുന്നതാണ്.)

4. കഴിഞ്ഞ വർഷം (2014-15) 18,870/- രൂപയിൽ കൂടുതൽ പ്രതിമാസം ശമ്പളം വാങ്ങുന്ന ജീവനക്കാർക്ക് ഉത്സവബത്തയായി 2,400/- രൂപ അനുവദിക്കുകയുണ്ടായി. ഈ വർഷവും (2015-16) ഉത്സവബത്ത ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻ വർഷത്തിലെ അതേ നിരക്കിൽ (2,400/- രൂപ) നൽകാവുന്നതാണ്. മറ്റ് വിഭാഗക്കാർക്ക് ഈ വർഷവും കഴിഞ്ഞ വർഷത്തെ അതേ നിരക്കിൽ ഉത്സവബത്ത അനുവദിക്കാവുന്നതാണ്. ആയതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാർ | രൂപ (പഴയ നിരക്ക് ബ്രാക്കറ്റിൽ ചേർത്തിരിക്കുന്നു) |
|---|---|---|
| 1 | പോളിനേഷൻ വർക്കർമാർ | 1110 (1110) |
| 2 | ക്ഷീര വികസന വകുപ്പിലെ ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റ് | 1110 (1110) |
| 3 | പബ്ലിക് കൗൺസൽ | 1110 (1110) |
| 4 | വിനോദ സഞ്ചാര വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ലൈഫ് ഗാർഡുകൾ | 1110 (1110) |

| | | |
|---|---|---|
| 5 | കുടുംബാസൂത്രണ പ്രവർത്തകർ | 1110 (1110) |
| 6 | പട്ടികജാതി/പട്ടിക വർഗ്ഗ പ്രൊമോട്ടേഴ്സ് | 1110 (1110) |
| 7 | ദിവസ വേതന ജീവനക്കാർ | 1110 (1110) |
| 8 | ആഭ്യന്തര വകുപ്പിലെ ദിവസവേതന ഹോംഗാർഡ്സ് | 1110 (1110) |
| 9 | സാധാരണ ജീവനക്കാർക്ക് പകരക്കാരായ പ്രവർത്തകർ ( HR/CLR വർക്കേഴ്സ് ഉൾപ്പെടെ) | 1110 (1110) |
| 10 | സ്ഥിരപ്പെടുത്താത്ത CLR/HR വർക്കേഴ്സ് | 1110 (1110) |
| 11 | അട്ടപ്പാടി മലയോര വികസന സൊസൈറ്റിയിലെ പ്രവർത്തകർ | 1110 (1110) |
| 12 | വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗസ്റ്റ് ലക്ചറേഴ്സ്/ ഇൻസ്ട്രക്ടർമാർ | 1110 (1110) |
| 13 | കുഷ്ഠരോഗാശുപത്രിയിലെ രോഗികളായ ജീവനക്കാർ | 1110 (1110) |
| 14 | സ്കൂൾ കൗൺസലേഴ്സ് | 1040 (1040) |
| 15 | ' ആശാ' പ്രവർത്തകർ | 1100 (1100) |
| 16 | അംഗനവാടി/ബാലവാടി/സഹായികളും ആയമാരും | 1100 (1100) |
| 17 | ഗ്രാമവികസന വകുപ്പിലെ അംഗനവാടി/ ബാലവാടി/ ഫീഡിംഗ് കൺവീനർമാർ | 870 (870) |
| 18 | നിശ്ചിത വേതനക്കാരായ ശിൽപ്പകാർ | 870 (870) |
| 19 | ആയുർവേദ ആശുപത്രികളിലെ കഷായ ജീവനക്കാർ | 750 (750) |
| 20 | സർവ്വീസ് പെൻഷൻകാർ | 870 (870) |
| 21 | പ്രോ റാറ്റാ പെൻഷൻകാർ | 800 (800) |
| 22 | പ്രോ റാറ്റാ ഫാമിലി പെൻഷൻകാർ | 800 (800) |
| 23 | കുടുംബ പെൻഷൻകാർ | 750 (750) |
| 24 | സമാശ്വാസ പെൻഷൻകാർ | 750 (750) |
| 25 | പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ | 750 (750) |
| 26 | പേഴ്സണൽ സ്റ്റാഫ് കുടുംബ പെൻഷൻകാർ | 750 (750) |
| 27 | പാർട്ട് -ടൈം കണ്ടിജന്റ് പെൻഷൻകാർ | 750 (750) |
| 28 | പാർട്ട്ടൈം കണ്ടിജന്റ് കുടുംബ പെൻഷൻകാർ | 680 (680) |
| 29 | റിട്ടയർ ചെയ്ത കുഷ്ഠരോഗികളായ ജീവനക്കാർ | 750 (750) |
| 30 | കംപാഷണേറ്റ് അലവൻസ് പെൻഷൻകാർ | 680 (680) |
| 31 | മഹിളാ സമാഖ്യ സൊസൈറ്റിയിലെ പ്രത്യേക ദൂതന്മാർ | 1100 (1100) |
| 32 | കിഷോരി ശക്തി യോജനാ സ്കൂൾ കൗൺസിലർമാർ | 1100 (1100) |
| 33 | പാലിയേറ്റീവ് കെയർ നഴ്സുമാർ | 1100 (1100) |

| | | |
|---|---|---|
| 32 | കിഷോരി ശക്തി യോജനാ സ്കൂൾ കൗൺസിലർമാർ | 1100 (1100) |
| 33 | പാലിയേറ്റീവ് കെയർ നഴ്സുമാർ | 1100 (1100) |
| 34 | ബഡ്സ് സ്കൂൾ അധ്യാപകർ | 1100 (1100) |
| 35 | ഏക അധ്യാപക വിദ്യാലയങ്ങളിലെയും പെരിപതെറ്റിക് വിദ്യാലയങ്ങളിലെയും അധ്യാപകർ, ആയമാർ. | 1200 (1200) |
| 36 | പി.റ്റി.എ നടത്തുന്ന പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ പാചകക്കാർ | 1200 (1200) |
| 37 | എം.എൽ.എ മാരുടെ അഡീഷണൽ സ്റ്റാഫ് | 1000 (1000) |
| 38 | പി.റ്റി.എ. നടത്തുന്ന പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ അധ്യാപകർ, ആയമാർ | 1000 (1000) |
| 39 | പ്രേരക്മാർ, അസിസ്റ്റന്റ് പ്രേരക്മാർ | 900 (900) |
| 40 | സ്പെഷ്യൽ സ്കൂളിലെ അധ്യാപക അധ്യാപകേതര ജീവനക്കാർ | 700 (700) |
| 41 | * ഫാഷൻ ഡിസൈനിംഗ് & ഗാർമെന്റ് ടെക്നോളജി സ്ഥാപനങ്ങളിലെ അധ്യാപകർ | 1000 (.....) |

*പുതിയ വിഭാഗം

5. കഴിഞ്ഞ വർഷം ഓണം അഡ്വാൻസായി റഗുലർ ജീവനക്കാർക്ക് 10,000/- രൂപയും, പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ / എൻ.എം.ആർ വർക്കേഴ്സ് എന്നിവർക്ക് 2,000/- രൂപയും നൽകിയിട്ടുണ്ട്. ഈ വർഷം ഓണം അഡ്വാൻസ് റഗുലർ ജീവനക്കാർക്ക് 15,000/- രൂപയും, പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ / എൻ.എം.ആർ വർക്കേഴ്സ് എന്നിവർക്ക് 5,000/- രൂപയും നിരക്കുകളിൽ നൽകാവുന്നതാണ്.

6. **ഈ വർഷത്തെ അഡ്ഹോക്ക് ബോണസും ഉത്സവബത്തയും മുൻഖണ്ഡികയിലെ നിർദ്ദേശപ്രകാരം നൽകുന്നതിന് ചെലവാകുന്ന ഏകദേശ സാമ്പത്തിക ബാദ്ധ്യത 168.29 കോടി രൂപയായി കണക്കാക്കുന്നു.**

7. ബോണസും ഉത്സവബത്തയും ഓണം അഡ്വാൻസും അനുവദിക്കുന്നതിന് ഫയൽ സമർപ്പിച്ചപ്പോൾ എല്ലാ വിഭാഗക്കാർക്കും കഴിഞ്ഞ വർഷത്തെപ്പോലെ ബോണസും ഉത്സവബത്തയും നൽകുവാനും ഓണം അഡ്വാൻസ്, റഗുലർ ജീവനക്കാർക്ക് 10,000/- രൂപയിൽ നിന്നും 15,000/- രൂപയായും കണ്ടിജന്റ് ജീവനക്കാർക്ക് 2,000/- രൂപ 5,000/- രൂപയായി ഉയർത്തി നൽകുവാനും ഉത്തരവുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

1. സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്കും പെൻഷൻകാർക്കും പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർക്കും 2015-16 ലെ ബോണസും ഉത്സവബത്തയും ഓണം അഡ്വാൻസും മേൽ പറഞ്ഞ പ്രകാരം അനുവദിച്ച നൽകാമോ?

2. കരാർ /നിർബന്ധിത സേവനം വഴി നിയമിതരാകുന്ന സീനിയർ റസിഡന്റുമാർക്ക് (Doctors in Bonded Service) ഉത്സവബത്ത നൽകുന്നതിനായി ഉത്തരവിൽ, 'നിർബന്ധിത സേവനം' എന്ന വാക്ക് പ്രത്യേകം രേഖപ്പെടുത്തുന്നതിനുള്ള അനുമതി നൽകാമോ?

3. ഫാഷൻ ഡിസൈനിംഗ് & ഗാർമെന്റ് ടെക്നോളജി സ്ഥാപനങ്ങളിലെ അധ്യാപകർക്ക് പുതിയതായി 1,000/- രൂപ ഉത്സവബത്തയായി അനുവദിച്ച നൽകാമോ?

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 31-08-2016.

ഫയൽ നം.എൽ2/203/2016-ധന. ഇനം നം: 265

വിഷയം : ധനകാര്യ വകുപ്പ് - സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും 2015-16 ലെ ബോണസ് / പ്രത്യേക ഉത്സവബത്ത / ഓണം അഡ്വാൻസ് എന്നിവ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നാലാം ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള പട്ടികയിൽ താഴെപ്പറയുന്ന ഭേദഗതികളോടെ കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

| ക്രമ നം | ജീവനക്കാർ | രൂപ |
|---|---|---|
| 31 | വനിതാ പ്രൊട്ടക്ഷൻ ഉദ്യോഗസ്ഥരെ സഹായിക്കുന്ന മഹിളാ സമാഖ്യ സൊസൈറ്റിയിലെ പ്രത്യേക മെസഞ്ചർമാർ | 1100/- |
| 34 | ബഡ്സ് സ്കൂൾ അദ്ധ്യാപകരും ജീവനക്കാരും | 1100/- |
| 36 | വിദ്യാലയങ്ങളിലെ (പി.റ്റി.എ. നടത്തുന്ന പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ഉൾപ്പെടെ) ഉച്ചഭക്ഷണ തൊഴിലാളികൾ | 1200/- |
| 38 | പി.റ്റി.എ. നടത്തുന്ന പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ ഓണറേറിയം പറ്റുന്ന അദ്ധ്യാപകർ, ആയമാർ, | 1000/- |
| 42* | ആലപ്പുഴ തുറമുഖത്തിലെ തൊഴിലാളികൾ | 1000/- |

* - പുതിയ വിഭാഗം

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

[redacted]

**കേരള സർക്കാർ**

<u>സംഗ്രഹം</u>

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പാർട്ട്ടൈം കണ്ടിജന്റ് എംപ്ലോയീസ്, എൻ.എം.ആർ/സി.എൽ.ആർ ഉൾപ്പെടെയുള്ള വിവിധ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാർക്കും — 2016 ലെ ഓണം അഡ്വാൻസ് - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (ലോൺസ്) വകുപ്പ്

**സ.ഉ.(അച്ചടി) നം.129/2016/ധന** **തീയതി, തിരുവനന്തപുരം, 01.09.2016**

---

പരാമർശം: 07.08.2015-ലെ സ.ഉ (അച്ചടി) നം.338/15/ധനം.

## <u>ഉത്തരവ്</u>

സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും 2016- ലെ ഓണം അഡ്വാൻസായി 15,000/- രൂപ ( പതിനയ്യായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. അഡ്വാൻസായി കുറഞ്ഞ തുക ആവശ്യമുള്ള ജീവനക്കാർക്ക് ആയിരത്തിന്റെ ഗുണിതങ്ങളായ തുകയായും പരമാവധി 15,000/- രൂപയിൽ നിജപ്പെടുത്തി അനുവദിച്ച് നൽകാവുന്നതാണ്. അഡ്വാൻസ് തുക ജീവനക്കാരുടെ ശമ്പളവും ബത്തകളും മാറി നൽകുന്ന ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്യാവുന്നതും അഞ്ച് തുല്യ മാസ ഗഡുക്കളായി 2016 ഒക്ടോബർ മാസം മുതലുള്ള ശമ്പളത്തിൽ നിന്നും ഈടാക്കി തിരികെ ഒടുക്കേണ്ടതുമാകുന്നു.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 250(1) ലെ 1 മുതൽ 3 വരെ കുറിപ്പുകളിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി താഴെപ്പറയുന്ന ജീവനക്കാർക്ക് 5,000/- രൂപ ( അയ്യായിരം രൂപ മാത്രം) നിരക്കിൽ ഓണം അഡ്വാൻസ് അനുവദിച്ച് ഉത്തരവാകുന്നു.

1. പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ
2. എല്ലാ വകുപ്പുകളിലെയും എൻ.എം.ആർ/സി.എൽ.ആർ/സീസണൽ വർക്കർമാർ/ കൃഷി ഫാമുകളിലെ സ്ഥിരം വർക്കർമാർ.
3. സർക്കാർ വകുപ്പുകളിലെ സ്ഥിരം തൊഴിലാളികൾ.
4. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന റീജിയണൽ വർക്ക്ഷോപ്പുകളിലെ വർക്കർമാർ, ആലപ്പുഴയിലെ ഡ്രെഡ്ജർ ആന്റ് ഡ്രൈ-ഡോക്കിലെ വർക്കർമാർ.
5. കുടുംബാസൂത്രണ വോളണ്ടിയർ വർക്കർമാർ.
6. അംഗൻവാടി വർക്കർമാർ, ഹെൽപ്പർമാർ
7. കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ് എന്നിവിടങ്ങളിലെ സ്ഥിരം അല്ലാത്ത വർക്കർമാർ, ബന്ധപ്പെട്ട ലോക്കൽ ബോഡികൾ, കൃഷി വകുപ്പ് എന്നിവിടങ്ങളിലെ കോക്കനട്ട് സ്പ്രേയിങ് വർക്കർമാർ.
8. മൗണ്ടഡ് പോലീസ് വിംഗിലെ ഗ്രാസ്സ് കട്ടർമാർ.

തൊഴിലാളികൾക്ക് നാളിതുവരെ അനുവദിച്ച എല്ലാ അഡ്വാൻസുകളും പൂർണമായും തിരികെ ഈടാക്കിയിട്ടുള്ള പക്ഷം ബന്ധപ്പെട്ട ലേബർ യൂണിയന്റെ ഉറപ്പിന്മേൽ സ്ഥിരം ജോലിക്കാരുടേയോ സ്ഥിരമല്ലാത്ത ജോലിക്കാരുടേയോ കൂട്ടുത്തരവാദിത്തത്തിലായിരിക്കണം ഒരേ ഫാമിലെ തന്നെ ജോലിക്കാർക്ക് അഡ്വാൻസ് അനുവദിച്ച് നൽകേണ്ടത്.

അഡ്വാൻസ് തിരിച്ചടവ് കാലയളവിൽ അതാത് ഫാം/ലോക്കൽ ബോഡിയിൽത്തന്നെ ജോലിയിൽ തുടരും എന്നുറപ്പുള്ള ജോലിക്കാർക്ക് മാത്രം അഡ്വാൻസ് അനുവദിക്കേണ്ടതാണ്. കോക്കനട്ട് സ്പ്രേയിങ് വർക്കർമാരുടെ അഡ്വാൻസ് തിരിച്ചടവ് നടത്തേണ്ടത് കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ അതാത് ലോക്കൽ ബോഡികളായിരിക്കും.

ലോക്കൽ ബോഡികളിലെ അതായത് മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗുരുവായൂർ ടൗൺഷിപ്പ്, പഞ്ചായത്ത് എന്നിവിടങ്ങളിലെ സമാന വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് മേൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി ലോക്കൽ ബോഡികളുടെ സാമ്പത്തിക ശേഷിയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് അഡ്വാൻസ് അനുവദിക്കുന്ന കാര്യം ബന്ധപ്പെട്ട ലോക്കൽ ബോഡികൾക്ക് തന്നെ തീരുമാനിക്കാവുന്നതാണ്.

മുകളിൽ 1 മുതൽ 7 വരെ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും അഞ്ച് തുല്യ മാസ ഗഡുക്കളായും ആഴ്ചതോറും വേതനം കൈപ്പറ്റുന്ന എട്ടാമത്തെ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും 21 ആഴ്ച ഗഡുക്കളായും അഡ്വാൻസ് തുക തിരിച്ച് പിടിക്കേണ്ടതാണ്.

05.09.2016 മുതൽ അഡ്വാൻസ് തുക പിൻവലിച്ച് വിതരണം ചെയ്യേണ്ടതാണ്. ഓണത്തിന് ശേഷം ഓണം അഡ്വാൻസ് അനുവദിക്കാൻ പാടുള്ളതല്ല.

ഗവർണറുടെ ഉത്തരവിൻപ്രകാരം

**ഡോ.കെ.എം.എബ്രഹാം**
**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ&ഇ/ജി&എസ്.എസ്.എ), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( ഇ&ആർ.എസ്.എ)കേരളം, തിരുവനന്തപുരം.
എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസർമാർക്കും.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.

എല്ലാ യൂണിവേഴ്സിറ്റികളുടേയും രജിസ്ട്രാർമാർക്ക്.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.
മാനേജിംഗ് ഡയറക്ടർ,കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.
പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറികളുടെ ഡയറക്ടർ, കേരളം, തിരുവനന്തപുരം.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യം.
കരുതൽ ഫയൽ/ ആഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ